(എ) വളയം ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം സി. എച്ച്.സി. ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സാമ്പത്തികലഭ്യതയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 പി.എച്ച്.സി./ഗവൺമെന്റ് ആശുപത്രികൾ മാത്രമാണ് സി.എച്ച്.സികളായി ഉയർത്തിയത്. ഇതിൽ വളയം പി.എച്ച്.സി. ഉൾപ്പെടുന്നില്ല.

186 (1790) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ നിയമനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 വർഷത്തിൽ പഠനം പൂർത്തിയാക്കിയ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക് ആരോഗ്യ വകുപ്പു ഡയറക്ടറേറ്റ് മുഖാന്തിരമുള്ള നിയമനം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 1996 വർഷത്തിൽ പഠനം പൂർത്തിയാക്കിയ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർക്ക് അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 124 പേർക്ക് അരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തിരമുള്ള താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. ജില്ലകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ബാക്കിയുള്ളവർക്കും താൽക്കാലിക നിയമനം നൽകുന്നതാണ്.

187 (1791) വിഷ ചികിത്സാ കേന്ദ്രം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ ഫാർമസി വിഭാഗത്തോട് ചേർന്ന് വിഷചികിത്സാ കേന്ദ്രം ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ;

(ബി) ഇതിനാവശ്യമായ ഏതെല്ലാം ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്;

(സി) ഈ കേന്ദ്രത്തിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ഈ കേന്ദ്രത്തിലേയ്ക്ക് എത്ര തസ്തികകളാണ് ആവശ്യമുള്ളത് ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(എഫ്) ഈ കേന്ദ്രം എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈപവർ ലിക്വിഡ് ക്രോമാറ്റോഗ്രാഫ്, സ്പെക്ട്രോ പോട്ടോമീറ്റർ ഡബിൾ ബീം, സ്പെക്ട്രോ ഫ്യൂസി മീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്.

(സി) എൺപത്തിയഞ്ച് ലക്ഷം രൂപ.

(ഡി)&(ഇ) പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്രൊഫസർ (ഇൻചാർജ്), നഴ്സിംഗ് ട്യൂട്ടർ എന്നിവയുടെ ഓരോ തസ്തിക വീതവും, ടോക്സിക്കോളജിക്കൽ അനലിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവയുടെ നാല് തസ്തിക വീതവും, ക്ലിനിക്കൽ ടോക്സിക്കോളജിസ്റ്റിന്റെ രണ്ട് തസ്തികയും ആവശ്യമുണ്ട്. ഇവ അനുവദിച്ചിട്ടില്ല.

(എഫ്) ഈ കേന്ദ്രം എത്രയും വേഗം പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. ചില യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

188 (1792) അരീക്കോട് ആശുപത്രിയുടെ വികസനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ആശുപത്രി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വർദ്ധിച്ചു വരുന്ന രോഗികളുടെ ആവശ്യം കണക്കിലെടുത്ത് ഇതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 454/99/ആ.കു.വ. തീയതി: 12.11.1999 പ്രകാരം അരീക്കോട് ആശുപത്രിയെ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

189 (1793) റഫ്രിജറേഷൻ മെക്കാനിക് ശ്രീ. നളിനാക്ഷനെ സ്ഥലം മാറ്റിയ സംഭവം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസിൽ റഫ്രിജറേഷൻ മെക്കാനിക്കായി ജോലി നോക്കിയിരുന്ന ശ്രീ. നളിനാക്ഷനെ തസ്തികയടക്കം കാസർഗോട്ടേയ്ക്ക് സ്ഥലംമാറ്റിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly